# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.256/PR/PIC/PHQ/18 Date:10.10.2018

---

**കേരള പോലീസിൽ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും**

സംസ്ഥാന പോലീസിന്റെ ഡാറ്റാ മാനേജ്മെന്റ് സംവിധാനത്തിൽ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉൾപ്പെടുത്തും. കേസുകളുടെ അന്വേഷണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന വിവിധ ഏജൻസികളുടെ പരസ്പര സഹായത്തോടെയുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് ഇത് ഉപകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു.

ഇതുസംബന്ധിച്ച വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പോലീസ് ആസ്ഥാനത്തെ എഡിജിപി ചെയർമാനും ബറ്റാലിയൻ ഡിഐജി, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ എസ് പി എന്നിവർ അംഗങ്ങളുമായി സമിതിക്ക് രൂപം നൽകി. സമിതി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

*******************